പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3298 12.12.2014-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ ഉദുമ പഞ്ചായത്തിലെ തിരുവക്കോളി ആസ്ഥാനമായി ക്ഷീരസഹകരണ സംഘം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ): | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ ഉദുമ പഞ്ചായത്തിലെ തിരുവക്കോളി ആസ്ഥാനമായി ക്ഷീരസഹകരണ സംഘം രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് പ്രദേശവാസികൾ സ്ഥലം എം.എൽ.എ. മുഖേന നൽകിയ ഹർജിയിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഉദുമ ക്ഷീരോല്പാദക സഹകരണ സംഘം സി 50(ഡി) കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്ത് മുഴുവനായും പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്ന പരമ്പരാഗത ക്ഷീരസംഘമാണ്. ഉദുമ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ നിന്നും തിരുവക്കോളി പ്രദേശം ഒഴിവാക്കി ബൈലോ ഭേദഗതി ചെയ്താലേ പ്രസ്തുത പഞ്ചായത്തിൽ തിരുവക്കോളി ആസ്ഥാനമാക്കി പുതിയ ക്ഷീരസംഘം രൂപീകരണത്തിന് സാധ്യതയുള്ളൂ. എന്നതിനാൽ നിയമാവലി ഭേദഗതി ചെയ്ത് പ്രവർത്തന പരിധി പുനർനിശ്ചയിക്കുന്നതിന് ഉദുമ ക്ഷീരോല്പാദക സഹകരണ സംഘം ലിമിറ്റഡ് നം.സി 50(ഡി) യ്ക്ക് ആവശ്യമായ നിർദ്ദേശം കാസർഗോഡ് ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ